# ഖുർആൻ കൊണ്ട് ജിഹാദ് ചെയ്യുക!

എം. എം. അക്ബർ

റമദാനിലെ വ്രതശുദ്ധിയുടെ ദിനങ്ങൾ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. വിശുദ്ധ ഖുർആനിൻെറ അവതരണംകൊണ്ട് അനുഗ്രഹീതമായ റമദാൻ വിശ്വാസിക്ക് പുണ്യങ്ങളുടെ പൂക്കാലമാണ്. പരമാവധി സൽകർമങ്ങൾ ചെയ്തുകൊണ്ട് സർവ്വശക്തനിലേക്ക് കൂടുതൽ അടുക്കുവാനു ള്ള നിതാന്ത പരിശ്രമത്തിലാണ് വിശ്വാസികൾ. ഉപവാസംകൊണ്ട് വിമലീകരിക്കപ്പെട്ട പകലുകൾ! നമസ്ക്കാരംകൊണ്ട് വിശുദ്ധീകരിക്കപ്പെട്ട രാവുകൾ!! ഈമാനും ഇഖ്ലാസും മനസ്സിലേക്കും അങ്ങനെ ചെയ്തികളിലേക്കും സന്നിവേശിപ്പിക്കുന്ന ദിനരാത്രങ്ങൾ. പാവപ്പെട്ടവനെ പുനരുദ്ധരിക്കുവാനും അഗതിക്ക് ആശ്രയം നൽകുവാനും വിശക്കുന്നവന് ആഹാരം നൽകുവാനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഒറ്റയ്ക്കും കൂട്ടായുമുള്ള പരിശ്രമങ്ങൾ. ഖുർആൻ പാരായണവും പഠനവുംകൊണ്ട് മുഖരിതമാവുന്ന ഗൃഹാന്തരീക്ഷം. സന്മാർഗ്ഗദർശനത്തിനായി അവതരിപ്പിക്കപ്പെട്ട അവസാനത്തെ വേദഗ്രന്ഥത്തിൻെറ അവതരണകാലത്തിന് അനുയോജ്യമായ ആഘോഷരീതികൾ! ജീവിതത്തിലുടനീളം സൂക്ഷ്മത പുലർത്തിക്കൊണ്ട് സർവ്വശക്തന് സ്വജീവിതം സമർപ്പിക്കുന്നതിൻെറ പരിശീലനക്കളരി; ഖുർആനും സുന്നത്തുമനുസരിച്ച് ജീവിതംമുഴുക്കെ പരിവർത്തിപ്പിക്കുവാനുള്ള പ്രതിജ്ഞ. ഈ പ്രതിജ്ഞ പ്രകാരം ജീവിതം നയിക്കുമെന്ന ഉറപ്പോടെയാവണം വിശ്വാസികൾ റമദാനിനോട് വിടപറയേണ്ടത്. എങ്കിൽമാത്രമെ പടച്ചവൻ പറഞ്ഞ രീതിയിലുള്ള ഒരു പരിവർത്തനം വ്രതാനുഷ്ഠാനംകൊണ്ട് നമ്മുടെ ഹൃദയത്തിലുണ്ടായിയെന്ന് പറയാനാകൂ.

ഖുർആനിൻെറ അവതരണമാസം ആഘോഷിക്കുമ്പോൾ നമ്മു ടെ മനസ്സിലുണ്ടാവേണ്ട ഒരു പ്രത്യേക കാര്യമുണ്ട്. പാരായണത്തിലൂടെയും പഠനത്തിലൂടെയും ഖുർആൻ വചനങ്ങളെ നമ്മുടെ ജീവിതത്തിലേക്ക് നിവേശിപ്പിക്കേണ്ടത് ഓരോ വിശ്വാസിയുടെയും ബാധ്യതയാണെന്ന തിരിച്ചറിവാണല്ലോ റമദാൻ നമുക്ക് നൽകുന്നത്. അതോടൊപ്പം തന്നെ വിശുദ്ധ ഖുർആനിൻെറ സന്ദേശങ്ങൾ നമ്മുടെ സുഹൃത്തുക്കൾക്കുകൂടി എത്തിച്ചുകൊടുക്കുവാൻനാം ബാധ്യസ്ഥരാണെന്ന തിരിച്ചറിവും നമുക്കുണ്ടാവണം. നമ്മിലൂടെ ഖുർആനിനെ ജീവിപ്പിക്കുവാൻ ശ്രമിക്കുന്നതോടൊപ്പം അതിൻെറ വെളിച്ചം പുറപ്പെടുവിക്കുവാനും നമ്മുടെ ചുറ്റും ജീവിക്കുന്നവരിലേക്ക് കൂടി പ്രസ്തുത വെളിച്ചം പ്രസരിപ്പിക്കുവാനും വിശ്വാസികൾക്ക് സാധിക്കണം.

ഖുർആനും തദനുസൃതമായ ജീവിതവും ഏറെ തെറ്റിദ്ധരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ ഖുർആനിൻെറ വെളിച്ചം പ്രസരിപ്പിക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പ്രസക്തിയേറിയിരിക്കുകയാണ്. വെളിച്ചത്തിൻെറ ശത്രുക്കൾ സത്യമതത്തെ തെറ്റിദ്ധരിപ്പിക്കുവാനും തമസ്ക്കരിക്കുവാനുമുള്ള ബോധപൂർവ്വമായ പരി ശ്രമങ്ങൾക്ക് മൂർച്ച കൂട്ടിക്കൊണ്ടിരിക്കുന്നതിൻെറ അനുരണനങ്ങൾ എല്ലാതരം മാധ്യമങ്ങളിലും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്.

പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതപ്പെട്ട ഖുർആനിലെ ആശയങ്ങൾക്ക് അന്നത്തെ സാമൂഹ്യ സാഹചര്യങ്ങളിലുണ്ടായിരുന്ന പ്രസക്തി വർത്തമാന കാലത്തെ മാറിയ സാഹചര്യങ്ങളിലുമുണ്ടെന്ന വാദം ശുദ്ധ ഭോഷ്കാണെന്ന് സ്ഥാപിച്ചുകൊണ്ടുള്ള പുതിയ തരം വിമർശനങ്ങൾ വഴി സത്യാന്വേഷികളെ വഴിതെറ്റിക്കാമെന്ന് കരുതുന്നവരുടെ എണ്ണം സാഹിത്യലോകത്ത് വർധിച്ചുകൊണ്ടിരിക്കുകയാണ്. ഖുർആനിനേയും നബി(സ)യെയും വാനോളം പുകഴ്ത്തിക്കൊണ്ട് ഇസ്ലാം കാലഹരണപ്പെട്ടതാണെന്ന് സ്ഥാപിക്കുന്നവരുടെ കൈവശമുള്ളത് ദീനിനെ ജീവിതത്തിൽ ഉൾക്കൊള്ളാൻ സന്നദ്ധമാകാത്ത 'മുസ്ലിം'കളുടെ ചെയ്തികളും വാക്കുകളുമാണെന്ന വസ്തുത നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. ഒപ്പം തന്നെ സമുദായത്തിന്റെ കൈയടി നേടിക്കൊണ്ട് ദീനീ വിമർശനം നടത്താമെന്ന് കരുതുന്നവർക്ക് കൃത്യവും വ്യക്തവുമായി മറുപടി നൽകാൻ വിശ്വാസികൾ സന്നദ്ധരാവണം. ഖുർആനികാശയങ്ങൾക്ക് പതിനാല് നൂറ്റാണ്ടു മുമ്പ് എത്രത്തോളം പ്രസക്തിയുണ്ടായിരുന്നുവോ അത്രതന്നെ ഇന്നും പ്രസക്തിയുണ്ടെന്ന് വസ്തുനിഷ്ഠമായി തെളിയിച്ചു കൊടുക്കാൻ നമുക്ക് കഴിയണം. ഖുർആനിന്റെയും അതിന്റെ പ്രായോഗിക ജീവിത മാതൃകയായ സുന്നത്തിന്റെയും വെളിച്ചവുമായി ആധുനിക ജീവിത സാഹചര്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ മാത്രമെ

അവിടെങ്ങളിലെ കട്ടപിടിച്ച അന്ധകാരങ്ങൾ ഉരുകുകയുള്ളൂവെന്ന് വസ്തുതകളുടെ വെളിച്ചത്തിൽ സമർത്ഥിക്കപ്പെടുമ്പോൾ പുതിയ രൂപത്തിൽ ഇസ്‌ലാം വിമർശനം നടത്താമെന്ന് കരുതുന്നവർ താനെ തന്നെ രംഗത്ത് നിന്ന് നിഷ്കാസിതമാവുമെന്നതാണ് അനുഭവപാഠം.

ഖുർആൻ ഉപയോഗിച്ചുകൊണ്ടുള്ള ജിഹാദിന് വേണ്ടിയുള്ള ഖുർആനിൻെറ ആഹ്വാനം (25:52) പൂർണ്ണമായ അർത്ഥത്തിൽ പ്രയോഗവൽക്കരിക്കുവാൻ ഖുർആനിൻെറ അവതരണം ആഘോഷിക്കുന്ന ഈ വേളയിൽ നാം പ്രതിജ്ഞചെയ്യണം. ഒറ്റപ്പെട്ട സംഭവങ്ങളെ പർവതീകരിച്ച് ഇസ്‌ലാമിനെതിരെയുള്ള അസ്ത്രങ്ങൾക്ക് മൂർച്ച കൂട്ടാൻ ശ്രമിക്കുന്നവർക്ക് ഖുർആനിൻെറയും നബിചര്യയുടെയും അടിത്തറയിൽ നിന്നുകൊണ്ട് മറുപടി നൽകാൻ വിശ്വാസികൾക്ക് സാധിക്കണം. വൈകാരികമായ പ്രതികരണമാണ് സത്യത്തിൻെറ ശത്രുക്കൾ കാംക്ഷിക്കുന്നതെന്ന് തിരിച്ചറിയുവാനും വിചാരത്തിൻെറയും വിവേകത്തിൻെറയും പാതയിൽനിന്ന് തെന്നാതെ ഖുർആനിൻെറ സത്യസന്ദേശം ലോകത്തിന് മുമ്പിൽ സമർപ്പിക്കുവാനും നാം സന്നദ്ധരാവണം. അതാണ് ഖുർആൻ ഉപയോഗിച്ചുള്ള ജിഹാദ്. ഈ ജിഹാദിനുമുമ്പിൽ ആയുധങ്ങൾ പരാജയപ്പെടുമെന്നതാണ് ചരിത്രം നമുക്ക് നൽകുന്നപാഠം.